കായികാദ്ധ്യാപകർക്കുള്ള പ്രോത്സാഹനങ്ങൾ

1304 [2085] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാദ്ധ്യാപകരെ പോലെ കായികാദ്ധ്യാപകരെ ഒരു പ്രത്യേക വിഭാഗമായി അംഗീകരിക്കുവാൻ ഗവൺമെന്റിനുള്ള ബുദ്ധിമുട്ടുകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നല്ല കായികതാരങ്ങളെ വാർത്തെടുക്കുന്ന ഈ കായികാദ്ധ്യാപകർക്കുവേണ്ട എല്ലാതരത്തിലുമുള്ള പ്രോത്സാഹനങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ട്രെയിനിംഗ് അദ്ധ്യാപകർ, തുന്നൽ അദ്ധ്യാപകർ, സംഗീത അദ്ധ്യാപകർ, കായികാദ്ധ്യാപകർ എന്നിവർ ഉൾപ്പെടുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ആകെകൂടി ഒരു പ്രത്യേക വിഭാഗമായാണ് കെ. ഇ. ആർ. 23-ാം അദ്ധ്യായപ്രകാരം പരിഗണിച്ചുവരുന്നത്.

(ബി) കായികാദ്ധ്യാപകർക്ക് വേണ്ട എല്ലാ പ്രോത്സാഹനങ്ങളും ഇപ്പോഴുതന്നെ കൊടുക്കുന്നുണ്ട്.

പ്രത്യേക തൊഴിൽദാന പദ്ധതിയനുസരിച്ച് പി. എസ്.സി. എറണാകുളം ജില്ലയിലേക്ക് തെരഞ്ഞെടുത്ത അദ്ധ്യാപകർ

1305 [2087] ശ്രീ. പി. ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക തൊഴിൽദാനപദ്ധതിയനുസരിച്ച് പി.എസ്.സി. എറണാകുളം ജില്ലയിലേക്ക് തെരഞ്ഞെടുത്ത പ്രൈമറിസ്കൂൾ അദ്ധ്യാപകരെ എറണാകുളം ജില്ലയിൽ നിയമിക്കാതെ ജില്ലയ്ക്കുവെളിയിൽ നിയമിച്ച വിവരം അറിയാമോ;

(ബി) എറണാകുളം ജില്ലയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ പുറത്തുനിർത്തിക്കൊണ്ട്, ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകൾ മുഴുവൻ പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് സംരക്ഷണം നൽകാനും മറ്റു ജില്ലകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ജില്ലാന്തരസ്ഥലംമാറ്റം നൽകാനും ഉപയോഗിക്കുന്നുവെന്ന പരാതിയുണ്ടോ;

(സി) എങ്കിൽ ഈ പ്രശ്നം പരിശോധിക്കുന്നതിനും ഈ അദ്ധ്യാപകരെ എറണാകുളം ജില്ലയിലേക്ക് തിരിച്ചുകൊണ്ടുവരാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ഒഴിവില്ലാതെ വന്നതിനാൽ കുറെ അദ്ധ്യാപകരെ ജില്ലയ്ക്ക് പുറത്ത് നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) പ്രത്യേക തൊഴിൽദാന പദ്ധതിയനുസരിച്ച് എറണാകുളം ജില്ലയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും എന്നാൽ ഒഴിവില്ലെന്ന കാരണത്താൽ മറ്റുള്ള ജില്ലകളിലേക്ക് പോകേണ്ടിവരികയും ചെയ്ത പ്രൈമറിസ്കൂൾ അദ്ധ്യാപകരെ എറണാകുളം ജില്ലയിലുണ്ടാകുന്ന ഒഴിവുകളിൽ മുൻഗണന നൽകി നിയമിക്കണമെന്ന നിർദ്ദേശം നൽകിക്കഴിഞ്ഞു.

ഗവൺമെൻറ് കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം

1306 [2088] ശ്രീ. എൻ. വാസുദേവൻ പിള്ള:

,, പിണറായി വിജയൻ:

,, എം. കെ. കൃഷ്ണൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റ കാര്യത്തിൽ എന്തെങ്കിലും വ്യക്തമായ നിബന്ധനകൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിബന്ധനകളെന്ന് വ്യക്തമാക്കാമോ;

(സി) ഈ നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാനും, പാലിക്കപ്പെടുന്നില്ലെങ്കിൽ ആയത് കർശനമായി പാലിക്കപ്പെടുന്നതിന് ഉറപ്പുവരുത്താനും വേണ്ട സംവിധാനം ഉണ്ടാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിബന്ധനകളുടെ ഒരു പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ചില പ്രത്യേകസാഹചര്യങ്ങളൊഴിച്ചാൽ ഈ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ട്. അതിനാൽ ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യമില്ല.

പ്രൈവറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് സ്കൂളുകൾ

1307 [2089] ശ്രീ. സി. വാസുദേവ മേനോൻ:

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, ഒറ്റപ്പാലം, വിദ്യാഭ്യാസ ജില്ലകളിൽ പ്രൈവറ്റ് കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്ത് എത്ര ഗവൺമെൻറ് സ്കൂളുകൾ നടത്തുന്നുണ്ടെന്നു വ്യക്തമാക്കുമോ;

---

* അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly